# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2644** 19.03.2015-ൽ മറുപടിയ്ക്ക്

## പട്ടികജാതി സമുദായകർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വൈഷമ്യങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് താമസിക്കുന്ന പട്ടികജാതി സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കുടിയേറിയ പട്ടികജാതിയിൽ പ്പെട്ടവർക്ക് സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത് 12.02.1986-ലെ G.O(Ms)10/86/SCSTDD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനടിസ്ഥാനമായ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം (07.03.1985-ലെ BC.12017/2/85/SC-ST&BCD) ഈ സംസ്ഥാനത്തിന്റെ പട്ടികജാതി ലിസ്റ്റിലെ ഏതെങ്കിലും സമുദായത്തിൽപ്പെട്ടതായി സാക്ഷ്യപത്രം ലഭിക്കേണ്ട വ്യക്തി ഏത് സംസ്ഥാനത്തു നിന്നാണോ 1950-ന് മുൻപ് കുടിയേറിയത്, ആ സംസ്ഥാനത്തിലെ പട്ടികജാതി ലിസ്റ്റിലെ അംഗീകരിക്കപ്പെട്ട സമുദായത്തിൽപ്പെട്ട ആളായിരിക്കണമെന്നാണ് നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനങ്ങൾ തിരിച്ചുള്ള ലിസ്റ്റുകൾ 1950-ൽ മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളുവെന്നിരിക്കെ, 1950-ന് മുൻപ് കുടിയേറിയവരെ സംബന്ധിച്ച് ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നിബന്ധന നടപ്പിലാക്കുന്നതിൽ പ്രായോഗിക വൈഷമ്യം ഉള്ളതായി കാണുന്നുണ്ട്. ഇക്കാര്യം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ അവ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ